ഉത്തരം

(എ) 1.3 ടി.എം.സി. ഫീറ്റ് (1300 മില്യൻ ഘനയടി).

(ബി) കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 1300 മില്യൻ ഘനയടി ജലം മാത്രമേ നൽകാറുള്ളൂ.

(സി) ജലം അളക്കുന്നതിന് ശിരുവാണിയിൽ പ്രത്യേകിച്ച് സംവിധാനങ്ങളൊന്നുമില്ല. എന്നാൽ തമിഴ്നാടിന്റെ അടിവാരത്തുള്ള ഫിൽട്ടർ പ്ലാന്റിൽ ജലം അളക്കുന്നതിന് രണ്ട് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ശിരുവാണി ജലം ദുരുപയോഗം ചെയ്യുന്നതായ പത്രവാർത്തകളെത്തുടർന്ന് തമിഴ്നാട് സർക്കാരുമായി കത്തിടപാടുകൾ നടത്തിയതിൽ അമ്മൻ മിനറൽ വാട്ടർ ലിമിറ്റഡ് എന്ന കമ്പനി 'ശിരുവാണി മിനറൽ വാട്ടർ' എന്ന പേരിൽ മിനറൽ വാട്ടർ വിൽപ്പന നടത്തുന്നത് ശിരുവാണിയിലെ ജലമുപയോഗിച്ചല്ലെന്നും ഒരു ബോർവെല്ലിൽ നിന്നുള്ള ജലമാണ് ഇതിന് ഉപയോഗിക്കുന്നതെന്നും. ഇതിന് ശിരുവാണി ജലവുമായി യാതൊരു ബന്ധമില്ലായെന്നും തമിഴ്നാട് സർക്കാർ അറിയിച്ചിട്ടുണ്ട്.

(ജി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മുല്ലപ്പെരിയാർ പദ്ധതി

22(225) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ നിന്ന് തമിഴ്നാട് എത്ര വെള്ളം കടത്തുന്നു എന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ പക്കൽ കണക്കുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ലോവർ ക്യാമ്പിന് സമീപമുള്ള തുറച്ചിപ്പാലം വഴി 2000 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസത്തിൽ തമിഴ്നാട് എത്ര വെള്ളം അനധികൃതമായി കടത്തി ;

(ഡി) ഈ മാർഗ്ഗത്തിലൂടെ ഒരു സെക്കന്റിൽ എത്ര വെള്ളം തമിഴ്നാടിലേക്ക് പ്രവഹിക്കും ;

(ഇ) ഇത് കൂടാതെ നാല് കൂറ്റൻ പൈപ്പ് വഴി എത്ര വെള്ളം ലോവർ ക്യാമ്പിലേക്ക് പോകുന്നുണ്ട് ;

(എഫ്) തമിഴ്നാടിന്റെ അനധികൃത വെള്ളം കടത്തൽ തടയുവാൻ നടപടിയെടുക്കുമോ ?

---

†അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം 155 അടി കോണ്ടൂർ പ്രദേശത്തുനിന്നും ജലസംഭരണിയിൽ ഒഴുകിയെത്തുന്ന മുഴുവൻ ജലവും 999 വർഷത്തേക്ക് തമിഴ്നാടിന് ഉപയോഗിക്കാവുന്നതാണ്, എന്നതിനാൽ പ്രത്യേക കണക്ക് സൂക്ഷിക്കേണ്ടതായിട്ടില്ല.

(സി) ഇപ്രകാരം അനധികൃതമായി തമിഴ്നാട് ജലം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) 140 മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനാവശ്യമായ ജലമാണ് ഈ നാല് കൂറ്റൻ പൈപ്പുകൾ വഴി ലോവർ ക്യാമ്പിലെത്തിക്കുന്നത്. 1970 -ലെ നിബന്ധനകൾ പ്രകാരം ഇതിനുള്ള അവകാശം തമിഴ്നാടിന് നൽകിയിട്ടുണ്ട്.

(എഫ്) അനധികൃതമായി വെള്ളം ചോർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം അത് തടയുന്നതിന് വേണ്ട എല്ലാ നടപടികളും കൈക്കൊണ്ടു വരുന്നുണ്ട്.

ചെമ്പകവല്ലി (കന്യാമാട്) ഡാം

23(226) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പുഴയിലെ ചെമ്പകവല്ലി (കന്യാമാട്) ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി തമിഴ്നാട് സർക്കാരിൽനിന്നും എത്ര രൂപയാണ് കേരളം കൈപ്പറ്റിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഡാം എന്നാണ് നിർമ്മിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഡാമിലെ ജലം തമിഴ്നാട്ടിലെ ഏതെല്ലാം ജില്ലകളിലേക്കാണ് തിരിച്ചുവിടുന്നത് ;

(ഡി) എത്ര ഘനയടി ജലമാണ് തിരിച്ചുവിടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5.15 ലക്ഷം രൂപ

(ബി) ഈ ഡാമിന്റെ നിർമ്മാണ കാലഘട്ടത്തെക്കുറിച്ച് വ്യക്തമായ രേഖകളൊന്നും ലഭിച്ചിട്ടില്ല. 1886-ലെ പെരിയാർ പാട്ടക്കരാറിലോ 1910-1915 കാലത്ത് തയ്യാറാക്കിയ പെരിയാർ ബേസിന്റെ ജി.ടി.എസ് മാപ്പിലോ ഈ ഡാമിനെകുറിച്ച് ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

(സി&ഡി) ഈ അടുത്ത കാലത്തായി വനംവകുപ്പ് നടത്തിയ പരിശോധനയിൽ ഈ ഡാം ദീർഘനാളായി ഉപയോഗത്തിലില്ലെന്നും ഇപ്പോൾ തമിഴ്നാട്ടിലേക്ക് വെള്ളം ഒഴുകുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly